# സിവിൽ എൻജിനീയർമാരുടെ അന്താരാഷ്ട്ര സമ്മേളനം

**കോയമ്പത്തൂർ:** സിവിൽ എൻജിനീയർമാരുടെ അന്താരാഷ്ട്ര സമ്മേളനം നടത്തി. അമൃത വിശ്വവിദ്യാപീഠത്തിലാണ് സിവിൽ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോൺക്രീറ്റ് നിർമാണത്തിൽ സ്വീകരിക്കേണ്ട പുതിയ ടെക്നിക്കുകളെക്കുറിച്ചു സെമിനാർ നടത്തിയത്.

അസോസിയേഷൻ ഓഫ് കൺസൾട്ടിംഗ് സിവിൽ എൻജിനീയറിംഗ്, ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂഷൻ എന്നിവർ ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്. മിസോറി യൂണിവേഴ്സിറ്റി പ്രഫ. ഗോപാലകൃഷ്ണൻ. പ്രഫ. സുബൈർദാസ്, കെ.ഇഎഫ് കത്തീര ഗ്രൂപ്പ് എൻജിനീയർ ടി.ഡി.ക്രൈഫൺ, സത്യശീലൻ, ഹൈദരാബാദ് പ്രോജക്ട് കൺസൾട്ടന്റ് സൂര്യപ്രകാശ്, സിവിൽ എൻജിനീയറിംഗ് വിഭാഗം മേധാവി പ്രഫ. കെ.എം.മിനി, പ്രാക്ടിസിംഗ് എൻജിനീയർമാർ, കൺസൾട്ടന്റുമാർ, ആർക്കിടെക്ടുമാർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.